LIBRARY ARCHIVES Kerala Legislative Assembly

ആശ്വാസകിരണം. ഇത്തരം കിടപ്പുരോഗികളെ പരിചരിക്കേണ്ടി വരുന്നതുമൂലം ഇവർക്ക് പുറത്തുപോയി മറ്റ് തൊഴിലുകളിൽ ഏർപ്പെടാൻ കഴിയാത്ത സ്ഥിതിയുണ്ട്. പലവിധ രോഗങ്ങളാലും മറ്റും ശയ്യാവലംബരായ പാവപ്പെട്ടവരെ അവരുടെ ഭവനങ്ങളിൽത്തന്നെ പരിചരിക്കുന്ന വ്യക്തിക്ക് (Care giver) സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. കൂടാതെ എൻഡോസൾഫാൻ ദുരിത ബാധിതരിൽ തീർത്തും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണവും അനുവദിക്കുന്നുണ്ട്.

(സി) തീവ്രമായ മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി, ഓട്ടിസം മൂലം അവശതയുള്ളവർ പലവിധ കാരണങ്ങളാൽ ശയ്യാവലംബരായവർ തുടങ്ങിയവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 250 രൂപ നിരക്കിലാണ് സ.ഉ.(എം.എസ്) നമ്പർ 47/2010/ സാ.ക്ഷേ.വ. തീയതി 2-8-2010 പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചിരുന്നത്. ഈ ധനസഹായം 300 രൂപയായി സ.ഉ.(എം.എസ്) നമ്പർ 9/2011/സാ.ക്ഷേ.വ. തീയതി 28-1-2011 പ്രകാരവും 300 രൂപയിൽ നിന്ന് 400 രൂപയായും സ.ഉ.(സാധാ) നമ്പർ 374/2011/ സാ.ക്ഷേ.വ തീയതി 14-10-2011 പ്രകാരവും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായി. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം എന്നിവ ബാധിച്ചവർക്ക് വരുമാനപരിധി ഒഴിവാക്കിയും പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മറ്റ് ജോലിക്ക് പോകാൻ സാധിക്കാത്തതു കൊണ്ടുള്ള ഗുരുതരമായ സാമ്പത്തിക പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പ്രതിമാസ ധനസഹായം 400 രൂപയിൽ നിന്ന് 525 രൂപയാക്കി വർദ്ധിപ്പിച്ചു കൊണ്ട് സ.ഉ.(എം.എസ്) നമ്പർ 67/2013/ സാ.നീ.വ തീയതി 21-08-2013 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിത ബാധിതരിൽ തീർത്തും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700 രൂപ പ്രകാരം സ്പെഷ്യൽ ആശ്വാസകിരണവും അനുവദിക്കുന്നുണ്ട്.

പത്തനംതിട്ട ജില്ലയിലെ അംഗൻവാടികൾ

331 (1805) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എത്ര ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളാണ് ഉള്ളത്; ഓരോ പ്രോജക്ടിനു കീഴിലും എത്ര അംഗൻവാടികൾ വീതമാണ് പ്രവർത്തിക്കുന്നത്; ഇവയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള അംഗൻവാടികളുടെ എണ്ണം പ്രോജക്ടിന്റെ പേരു തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്ത അംഗൻവാടികളുടെ എണ്ണം എത്ര; വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടികൾ എത്ര; ഇവയുടെ എണ്ണം പ്രോജക്ട് തിരിച്ച് വ്യക്തമാക്കാമോ;

(സി) വാടക കെട്ടിടങ്ങളിൽ പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) റാന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ അംഗൻവാടികൾക്കാണ് ഇപ്പോൾ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുള്ളത്, അവയുടെ ഓരോന്നിന്റെയും സെന്റർ നമ്പർ സഹിതം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ഏതു ഘട്ടം വരെയെന്നും ആർക്കാണ് ഇതു സംബന്ധിച്ച് ചുമതല നൽകിയിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ 12 ഐ.സി.ഡി.എസ്. പ്രോജക്ടുകളാണ് ഉള്ളത്. ഇതിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള 713 അംഗനവാടികൾ ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്ത 31 അംഗൻവാടികളാണ് ഉള്ളത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 577 അംഗൻവാടികൾ ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധം-2* ആയി ചേർക്കുന്നു.

(സി) അംഗൻവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്. സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുഴുവൻ അംഗൻവാടികൾക്കും വിവിധ പദ്ധതികളിലൂടെയും ഫണ്ടുകളിലൂടെയും കെട്ടിടം നിർമ്മിച്ച് നൽകുന്നു. കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ വക ഭൂമി, പഞ്ചായത്ത് ഭൂമി, സൗജന്യമായി ലഭ്യമാകുന്ന ഭൂമി, സ്കൂൾ കോമ്പൗണ്ട് എന്നിവ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നു. സ്വന്തമായി ഭൂമി ലഭ്യമായാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതാണ്.

(ഡി) റാന്നി നിയോജക മണ്ഡലത്തിൽ കെട്ടിടം നിർമ്മിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുള്ള അംഗൻവാടികളുടെ വിശദവിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.*

ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ അംഗൻവാടികൾ

332 (1806) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത എത്ര അംഗൻവാടികൾ ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്, പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ;

(ബി) മാതൃക അംഗൻവാടികളിൽ ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടത്തിന്റെ വലിപ്പം, എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly